**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 586** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ ട്രഷറികളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ സബ് ട്രഷറിയ്ക്കായി ഷൊർണ്ണൂർ മുനിസിപ്പാലിറ്റി സ്ഥലം നൽകിയിട്ടും കെട്ടിട നിർമ്മാണം തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | ഷൊർണ്ണൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ചെർപ്പുളശ്ശേരി ട്രഷറിയുടെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ട്രഷറിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്കായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഇരു നിലകളിലായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തിയായിട്ടുണ്ട്. കൂടാതെ ജനൽ, വാതിൽ എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ പുരോഗമിക്കുന്നു. സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം ട്രഷറി വകുപ്പ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ